പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1578 06.03.2020-ൽ മറുപടിയ്ക്ക്

**ബാംഗ്ലൂരിലേക്ക് കേരളത്തിൽ നിന്നും സർവീസ് നടത്തുന്ന സ്വകാര്യ ബസുകളുടെ എണ്ണം**

| ചോദ്യം<br>ശ്രീ.ഒ. ആർ. കേളു | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | രാത്രികാല സമയത്ത് വയനാട് ജില്ല വഴി ബാംഗ്ലൂരിലേക്ക് കേരളത്തിൽ നിന്നും സർവീസ് നടത്തുന്ന സ്വകാര്യ ബസുകളുടെ എണ്ണം സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ; | (എ) | വയനാട് ജില്ലയുടെ കാട്ടിക്കുളം ചെക്ക് പോസ്റ്റ് വഴി 22 ഓൾ ഇൻഡ്യാ കോൺട്രാക്റ്റ് ക്യാരേജുകൾ ബാംഗ്ലൂരിലേക്ക് സർവീസ് നടത്തുന്നുണ്ട്. എന്നാൽ മുത്തങ്ങ മോട്ടോർ വേഹിക്കിൾ ചെക്ക് പോസ്റ്റ് വഴി സർവീസുകൾ ഒന്നും തന്നെ നടത്തുന്നില്ല |
| (ബി) | ഇതേ റൂട്ടിൽ രാത്രികാലസമയത്ത് സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസുകളുടെ എണ്ണം ലഭ്യമാക്കാമോ; | (ബി) | ഇതേ റൂട്ടിൽ രാത്രികാലസമയത്ത് കെ.എസ്.ആർ.ടി.സി 22 ബസ്സുകൾ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നു. |
| (സി) | കേരളത്തിൽ നിന്നും ബാംഗ്ലൂരിലേക്ക് രാത്രി സമയത്ത് മാനന്തവാടി വഴി കൂടുതൽ ബസുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കാമോ? | (സി) | അന്തർസംസ്ഥാന കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി ബാംഗ്ലൂരിലേയ്ക്കും അയൽ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേയ്ക്കും സർവ്വീസ് നടത്തി വരുന്നത്. പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരം മാനന്തവാടി വഴി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ മാനന്തവാടി വഴി ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ